# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

04.03.2020-ൽ മറുപടിയ്ക്ക്.

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ 793

## വനിതാ ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ

| ചോദ്യം<br>ശ്രീമതി.വീണാ ജോർജ്ജ് | മറുപടി<br>ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ സർക്കാരിന്റെ കാലയളവിൽ വനിതാ ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ; | (എ) ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന എല്ലാ പദ്ധതികളിലും വനിതാ ക്ഷീരകർഷകർക്ക് പ്രത്യേക പരിഗണന നൽകുന്നുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വനിതാ ഘടക പദ്ധതി ഫണ്ട് പ്രയോജനപ്പെടുത്തിയും വനിതാ ക്ഷീരകർഷകർക്ക് പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.<br>താഴെപറയുന്ന പദ്ധതികളാണ് വനിതാ ക്ഷീരകർഷകർക്ക് പ്രത്യേക പരിഗണന നൽകി നടപ്പിലാക്കുന്നത്.<br>1. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി<br>2. ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം.<br>3. തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ<br>ക്ഷീര വികസന വകുപ്പ് ഈ വർഷം സംസ്ഥാനത്ത് ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന വനിത ക്ഷീരകർഷകരുടെ സ്ഥിതിവിവര കണക്കുകൾ ശേഖരിച്ച് സർവ്വേ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വനിതാ ക്ഷീരകർഷകർക്ക് തുടർവർഷങ്ങളിൽ കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. |
| (ബി) അതുവഴി വനിതാ ക്ഷീരകർഷകർക്ക് കൈവരിക്കാനായ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (ബി) വനിതാ ക്ഷീരകർഷകരെ ഈ മേഖലയിലേയ്ക്ക് കൂടുതലായി കൊണ്ടു വരുന്നതിനും അവരുടെ സാമ്പത്തിക ഉന്നമനത്തിനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ ക്ഷീരസഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ വനിതകളുടെ പ്രാതിനിധ്യം ഉറപ്പാക്കി ക്രിയാത്മകവും കാര്യക്ഷമവുമായ ഇടപെടലുകൾ ഉണ്ടാക്കുന്നതിനുള്ള സാഹചര്യവും സൃഷ്ടിക്കാൻ ഇതുവഴി കഴിഞ്ഞിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**